# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1020**      **05.02.2020-ൽ മറുപടിക്ക്**

## വാണിജ്യ-വ്യാപാര സ്ഥാപനങ്ങളിൽ മെച്ചപ്പെട്ട തൊഴിലന്തരീക്ഷം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. സജി ചെറിയാൻ<br>,, പി.കെ. ശശി : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ വാണിജ്യ-വ്യാപാര സ്ഥാപനങ്ങളിൽ മെച്ചപ്പെട്ട തൊഴിലന്തരീക്ഷം സൃഷ്ടിക്കുന്നതിനും തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) യും (ബി) യും | കേരളത്തിലെ വാണിജ്യ-വ്യാപാര സ്ഥാപനങ്ങളിൽ മെച്ചപ്പെട്ട തൊഴിലന്തരീക്ഷം സൃഷ്ടിക്കുന്നതിനും തൊഴിലാളി തൊഴിലുടമ ബന്ധം മെച്ചപ്പെടുത്തി തൊഴിലാളികളുടെ താല്പര്യം, അവകാശങ്ങൾ സംരക്ഷിക്കുന്നതിനുമായി, തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്നതിന് പുറമേ താഴെ പറയുന്ന പദ്ധതികൾ കൂടി നടപ്പാക്കിവരുന്നു. വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം തൊഴിലുടമകൾക്ക് തൊഴിൽ വകുപ്പിൽ നിന്ന് നൽകിവരുന്ന സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ ആക്കിയിട്ടുണ്ട്. (രജിസ്ട്രേഷൻ, ലൈസൻസ്, റിന്യൂവൽ, അമന്റ്മെന്റ് തുടങ്ങിയവ ഉൾപ്പെടെ) സർട്ടിഫിക്കറ്റുകൾ തൊഴിലുടമകൾക്ക് ഓൺലൈനായി പ്രിന്റ് ചെയ്യെടുക്കുവാനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. തൊഴിലുടമകൾക്ക് വേതനവിതരണം നടത്തുന്നതിനായി വേതന സുരക്ഷാ പദ്ധതി എന്ന പേരിൽ ഒരു പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. ഈ സംവിധാനത്തിലൂടെ തൊഴിലാളികളുടെ വേതനം ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കാവുന്നതാണ്. കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് തൊഴിൽ സ്ഥാപനങ്ങളിൽ അടിസ്ഥാന |
| (ബി) | ഇതിന്റെ ഭാഗമായി വ്യാപാര-വാണിജ്യ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | | |

സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2018 ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമഭേദഗതി പ്രകാരം തൊഴിലാളികൾക്ക് ജോലി സ്ഥലത്ത് ഇരിക്കുന്നതിനുള്ള ഇരിപ്പിട സൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ സ്വകാര്യമേഖലയിലെ ഇരുപതോ അതിലേറെയോ തൊഴിലാളികളുള്ള സ്ഥാപനങ്ങളെ തൊഴിൽ നിയമങ്ങളുടെ പരിപാലനമുൾപ്പെടെയുള്ള പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് നടത്തി സ്ഥാപനങ്ങൾക്ക് വജ്ര, സുവർണ്ണ, രജത എന്നിങ്ങനെ എക്സലൻസ് അവാർഡുകൾ 2017 മുതൽ വിതരണം ചെയ്തുവരുന്നുണ്ട്.

| | | | |
|---|---|---|---|
| (സി) | എങ്കിൽ ഏതെല്ലാം തരത്തിലുള്ള സ്ഥാപനങ്ങളിലാണ് ഇത് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | ഹോസ്പിറ്റലുകൾ, സെക്യൂരിറ്റി സ്ഥാപനങ്ങൾ, ഐ.ടി.സ്ഥാപനങ്ങൾ, സ്റ്റാർ ഹോട്ടലുകൾ, നിർമ്മാണ മേഖല, കടകളും വാണിജ്യ സ്ഥാപനങ്ങൾ എന്നീ തൊഴിൽ മേഖലകളിലാണ് ഗ്രേഡിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. |
| (ഡി) | എന്തെല്ലാം മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ് ഇത്തരം സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് നൽകുന്നതെന്ന് വിശദമാക്കാമോ? | (ഡി) | മികച്ച തൊഴിൽദാതാവ്, സംതൃപ്തരായ തൊഴിലാളികൾ, മികവുറ്റ തൊഴിൽ അന്തരീക്ഷം, തൊഴിൽ നൈപുണ്യ-വികസന പങ്കാളിത്തം, സ്ത്രീ സൗഹൃദം, തൊഴിലാളികളുടെ ക്ഷേമം, തൊഴിലിടങ്ങളിലെ സുരക്ഷ എന്നീ മാനദണ്ഡങ്ങളെ ആസ്പദമാക്കിയാണ് മികച്ച സ്ഥാപനങ്ങളെ കണ്ടെത്തുന്നത്. |

സെക്ഷൻ ഓഫീസർ.